## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4312** **24.10.2016-ന് മറുപടിക്ക്**

## സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനം

| ചോദ്യം | | മറുപടി |
|---|---|---|
| **ഡോ.എൻ. ജയരാജ്**<br>**ശ്രീ.റോഷി അഗസ്റ്റിൻ**<br>**ശ്രീ.മോൻസ് ജോസഫ്**<br>**ശ്രീ.സി.എഫ്.തോമസ് :** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)** |
| **(എ)** സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ ജീവനക്കാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>**(ബി)** ഇത് ബോർഡിന്റെ പ്രവർത്തനത്തെ ഏതെല്ലാം തരത്തിൽ ബാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജീവനക്കാരുടെ കുറവ് മൂലം ബോർഡിൽ നിക്ഷിപ്തമായ സ്റ്റാറ്റ്യൂട്ടറി ചുമതലകൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയാതെ വരുന്നുവെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 03.10.2016 ലെ സ.ഉ.(കൈ)നം. 8/2016/പരി. ഉത്തരവ് പ്രകാരം പുതുതായി 109 അധികതസ്തികകൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. |
| **(സി)** സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ അംഗീകൃത തസ്തികകൾ എത്രയാണെന്ന് വെളിപ്പെടുത്തുമോ; | (സി) | ബോർഡിൽ ചെയർമാൻ, മെമ്പർ സെക്രട്ടറി ഉൾപ്പെടെ നിലവിൽ 429 തസ്തികകൾ ഉണ്ട്. ഇതിൽ 5 സൂപ്പർന്യൂമററി തസ്തികകളും 03-10-2016 ലെ സ.ഉ(കൈ)08/2016/പരി. ഉത്തരവ് പ്രകാരം പുതുതായി സൃഷ്ടിച്ചിട്ടുള്ള 109 തസ്തികകളും ഉൾപ്പെടുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഇതിൽ സ്ഥിരം ജീവനക്കാരും, ദിവസവേതനക്കാരും, ഡെപ്യൂട്ടേഷൻ, എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് എന്നിവ മുഖേന ജോലി നോക്കുന്നവരും എത്രയെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (ഡി). | പുതിയ തസ്തികകൾ ഉൾപ്പെടെയുള്ള 429 തസ്തികകളിൽ 119 സ്ഥിരം ജീവനക്കാരും, 109 ദിവസ വേതനക്കാരും, 60 ഡെപ്യൂട്ടേഷൻ ജീവനക്കാരും, എംപ്ലോയ്മെന്റ് വഴി നിയമിച്ച 16 ജീവനക്കാരും സേവനം അനുഷ്ഠിക്കുന്നു. ശേഷിക്കുന്ന 125 തസ്തികകളിലേക്കുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഇ) | ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.യ്ക്ക് വിടാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ; പ്രസ്തുത നടപടികൾ ത്വരിതപ്പെടുത്തുമോ? | (ഇ) | പി.എസ്.സിയുടെ അംഗീകാരത്തോടെ സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയാണ്. നടപടി ക്രമങ്ങൾ പാലിക്കുന്നതിനുള്ള കാലതാമസം മാത്രമാണ് ഈ കാര്യത്തിലുണ്ടാകുന്നത്. നടപടി ക്രമങ്ങൾ പാലിച്ച് നിയമനങ്ങൾ പി.എസ്.സിക്ക് വിടാനുള്ള നടപടികൾ എത്രയും വേഗം പൂർത്തിയാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ